# സർക്കാർ നേരിട്ടു നടത്തുന്ന ആദ്യ പൊതുവിതരണ കേന്ദ്രം തിരുവനന്തപുരത്ത് തുറന്നു

സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്ന ആദ്യ പൊതുവിതരണ കേന്ദ്രം തിരുവനന്തപുരം പുളിമൂട്ടിൽ തുറന്നു. ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി പി.തിലോത്തമൻ നിർവ്വഹിച്ചു.പൊതുവിതരണ സംവിധാനം കുറ്റമറ്റ രീതിയിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത് . അർഹതപ്പെട്ട ഉപഭോക്താക്കൾക്ക് ധാന്യ വിഭവങ്ങൾ കൃത്യമായി എത്തിക്കുക എന്നതാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. വൈവിധ്യവൽക്കരണവും കൊണ്ടുവരും. ഇതിലൂടെ കൂടുതൽ ഫലപ്രദമായ മാറ്റമുണ്ടാക്കും. ആദ്യവാസി ഊരുകളിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്ന വാതിൽപ്പടി വിതരണം നല്ല രീതിയിൽ നടത്താനായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.തിരുവനന്തപുരത്ത് സർക്കാർ നേരിട്ടു നടത്തുന്ന റേഷൻ കട മറ്റുള്ളവർക്ക് ഈ രംഗത്ത് നന്നായി പ്രവർത്തിക്കാനുള്ള ഊർജമാണ് നൽകുക . ഈ റേഷൻ കടയിൽ മൊത്തം 596 കാർഡുകളാണുള്ളത്. സപ്ലൈകോ ഔട്ട് ലെറ്റിനോട് ചേർന്ന് പ്രവർത്തിക്കുന്ന ഈ റേഷൻ കട സേവനത്തിൽ പുതിയ മാതൃകയായിമാറുമെന്നും അദ്ദേഹം സൂചിപ്പിച്ചു.വാർഡ് കൗൺസിലർ വഞ്ചിയൂർ ബാബു അധ്യക്ഷത വഹിക്കുകയും ആദ്യ വില്പന നടത്തുകയും ചെയ്തു . ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സെക്രട്ടറി പി.വേണുഗോപാൽ, സിവിൽ സപ്ലൈസ് ഡയറക്ടർ ഹരിത.വി.കുമാർ, സപ്ലൈകോ മേഖലാ മനേജർ വി.ജയപ്രകാശ് എന്നിവർ സന്നിഹിതരായി.മാനേജിങ് ഡയറക്ടർ രാഹുൽ ആർ സ്വാഗതവും ജില്ലാ സപ്ലൈ ഓഫീസർ ജലജ .ജി.എസ്.റാണി നന്ദിയും പറഞ്ഞു.

**പബ്ളിക് റിലേഷൻസ് ഓഫീസർ**
**സപ്ളൈകോ**